# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2120

26.03.2013- ലെ മറുപടിക്ക്

## സഹകരണ നിയമ ഭേദഗതി

**ചോദ്യം**

ശ്രീ. സി. മോയിൻകുട്ടി
ശ്രീ.പി. ഉബൈദുള്ള
ശ്രീ.പി.ബി. അബ്ദുൾ റസാക്
ശ്രീ.സി. മമ്മുട്ടി

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) കേന്ദ്ര സഹകരണ നിയമത്തിനനുസൃതമായി സംസ്ഥാനം സഹകരണ നിയമത്തിൽ വരുത്തിയ ഭേദഗതി, സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതുവിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എ) ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഭരണ ഘടനാ (97-ാം ഭേദഗതി) നിയമം, 2011-ലെ വ്യവസ്ഥകൾക്കനുസൃതമായും സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചക്കനുസൃതമായും വ്യവസ്ഥ ചെയ്തു കൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ടി ഭേദഗതികൾ സംസ്ഥാനത്തെ സഹകരണ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുമെന്നും അംഗങ്ങൾ സംഘങ്ങളുമായി കൂടുതൽ ഇടപെടുന്നതിനും ഇടയാക്കുമെന്നും കരുതുന്നു.

ബി) സഹകരണ മേഖലയ്ക്ക് കൂടുതൽ സ്വയം ഭരണാവകാശം നൽകുന്നതു കൊണ്ട് എന്തൊക്കെ ഗുണഫലങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയ്ക്ക് കൂടുതൽ സ്വയം ഭരണാവകാശം നൽകുന്നതിലൂടെ സംഘങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായും, സ്വതന്ത്രമായും പ്രവർത്തിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| | |
|---|---|
| (സി) സഹകരണ സംഘങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശവും, ജനാധിപത്യ ഭരണക്രമവും ഉറപ്പുവരുത്തുന്ന സാഹചര്യത്തിലും, തീരുമാനങ്ങളിൽ അംഗസംഖ്യയുടെ ഭൂരിപക്ഷ ജനാധിപത്യം ഉറപ്പുവരുത്താൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോരായ്മ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) സഹകരണ സംഘങ്ങളുടെ പരമാധികാര സഭയായ പൊതുയോഗം തീരുമാനം കൈക്കൊള്ളുന്നത്, ബന്ധപ്പെട്ട പൊതുയോഗത്തിൽ ഹാജരായി വോട്ട് രേഖപ്പെടുത്തിയവരുടെ ഭൂരിപക്ഷ തീരുമാനം അനുസരിച്ചാണ്. ടി നടപടിക്രമം ജനാധിപത്യ വ്യവസ്ഥിതിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതിനാൽ അംഗസംഖ്യയുടെ ഭൂരിപക്ഷം തീരുമാനങ്ങളിൽ ഉറപ്പുവരുത്തണമെന്ന ആവശ്യം ഉള്ളതായി കാണുന്നില്ല. അപ്രകാരം വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ